## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4181 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **പ്ലാസ്റ്റിക് മാലിന്യങ്ങൾ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.പി.കെ.ബഷീർ**<br>**,, എൻ.എ.നെല്ലിക്കുന്ന്**<br>**,, എം.ഉമ്മർ**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | വീട്ടുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ സമയബന്ധിതമായി ശേഖരിക്കുവാൻ വേണ്ടത്ര ഏജൻസികൾ ഇല്ലാത്തത് മാലിന്യമുക്ത കേരളമെന്ന പദ്ധതിയ്ക്ക് തടസ്സമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | പ്ലാസ്റ്റിക് മാലിന്യങ്ങൾ നിലവിലുള്ള ഏജൻസികൾക്ക് കൈമാറുന്ന രീതിയിലേക്ക് ജനങ്ങളെ ബോധവൽക്കരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | മാലിന്യ ഉല്പാദനത്തിൽ കുറവു വരുത്തുന്നതിലേക്കായി പ്ലാസ്റ്റിക് പോലുള്ള അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക (Reduce), പുനരുപയോഗം (Reuse) വർദ്ധിപ്പിക്കുക, പുനഃചംക്രമണം (Recycle) പ്രോത്സാഹിപ്പിക്കുക എന്നിവ ജനജീവിതത്തിന്റെ ഭാഗമായും സംസ്കാരമായും മാറ്റുന്നതിനായുള്ള ബോധവത്കരണ പരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലങ്ങളിൽ നടത്തിവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന രൂപീകരിച്ച് അവർ മുഖേന അജൈവ മാലിന്യങ്ങൾ നിശ്ചിത ഇടവേളകളിൽ വീട്ടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സുരക്ഷിത സംസ്കരണം ഉറപ്പാക്കുന്നതിനായി അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (സി) | സർക്കാർ സഹായത്തോടെ ഇത്തരം ഏജൻസികൾ കൂടുതലായി തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ